**സബ്മിഷൻ**

(1) ഉപതെരഞ്ഞെടുപ്പിലെ വിജയിക്കുനേരെയുള്ള ആക്രമണം

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്റെ നിയോജകമണ്ഡലത്തിലെ മുതുകുളം പഞ്ചായത്തിൽ ഇക്കഴിഞ്ഞ പഞ്ചായത്ത് ഉപതെരഞ്ഞെടുപ്പിൽ നാലാം വാർഡിൽനിന്നും മത്സരിച്ച് വിജയിച്ച ശ്രീ. ജി. എസ്. ബൈജുവിനെ വോട്ടെണ്ണൽ ദിനമായ നവംബർ 10-ാം തീയതി രാത്രി 8.30-ന് മുതുകുളത്തുവച്ച് ബി.ജെ.പി.-ആർ.എസ്.എസ്. സംഘം വധിക്കാൻ ശ്രമിക്കുകയുണ്ടായി. അതിഭീകരമായ മർദ്ദനമാണ് ശ്രീ. ബൈജുവിന് നേരിടേണ്ടിവന്നത്. മാരകായുധങ്ങൾ ഉപയോഗിച്ച് നടത്തിയ അക്രമത്തെത്തുടർന്ന് ബൈജുവിന്റെ കൈ ഒടിയുകയും കാലിന് ആഴത്തിൽ മുറിവേൽക്കുകയും ചെയ്തു. അതിഭീകരമായ മർദ്ദനത്തിൽ പരിക്കേറ്റ അദ്ദേഹത്തിന് ആഴ്ചകളോളം ആശുപത്രിയിൽ കഴിയേണ്ടതായിവന്നു. കാലിന് പ്ലാസ്റ്റർ ഇടേണ്ടിവന്നു. അക്രമികൾ ഇരുമ്പുവടികൊണ്ട് തലയ്ക്ക് അടിക്കാനാണ് ശ്രമിച്ചത്. എന്നാൽ അത് കൈകൊണ്ട് തടഞ്ഞതുകൊണ്ടുമാത്രമാണ് മരണത്തിൽനിന്നും രക്ഷപ്പെട്ടതെന്നാണ് ശ്രീ. ബൈജുവിന്റെ മൊഴിയിൽനിന്നും വ്യക്തമായത്. ഇടതുകൈ

അടിയന്തരമായി ശസ്ത്രക്രിയയ്ക്ക് വിധേയമാക്കേണ്ടിവന്നു. 3 ബൈക്കുകളിലായി വന്ന 6 പേരാണ് അക്രമം നടത്തിയത്. പരിക്കേറ്റയാൾ പോലീസിന് നൽകിയ മൊഴിയിൽ യഥാർത്ഥ പ്രതികളെ സംബന്ധിച്ചുള്ള ശരിയായ വിവരങ്ങൾ നൽകുകയുണ്ടായി. എന്നാൽ പോലീസിന്റെ ഭാഗത്തുനിന്നും ഗുരുതരമായ അലംഭാവമാണുണ്ടായത്. ശാസ്ത്രീയമായി തെളിവുകൾ ശേഖരിക്കാനോ ഗൂഢാലോചനകളിൽ ഉൾപ്പെട്ടവരെ കണ്ടെത്തുവാനോ യാതൊരു ശ്രമവും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. കൃത്യത്തിൽ പങ്കെടുത്ത ഒരാളെ മാത്രമാണ് അറസ്റ്റ് ചെയ്തത്. ദുർബ്ബലമായ വകുപ്പുകൾ ചേർത്താണ് എഫ്.ഐ.ആർ. തയ്യാറാക്കിയിരിക്കുന്നത്. ശക്തമായ പ്രതിഷേധം ഉയർന്ന സാഹചര്യത്തിലാണ് കൂടുതൽ വകുപ്പുകൾ ഉൾപ്പെടുത്താൻ തയ്യാറായത്. ശ്രീ. ബൈജുവിനെ കരുതിക്കൂട്ടി അക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചയാളുകളുടെ പേരിൽ ഐ.പി.സി. 307 ചുമത്തിയിട്ടില്ല. സംഭവം നടന്ന് 24 ദിവസം കഴിഞ്ഞിട്ടും ഗൂഢാലോചനയുൾപ്പെടെയുള്ള കാര്യങ്ങളെപ്പറ്റി അന്വേഷിച്ചിട്ടില്ല. പ്രതികൾ ഇപ്പോഴും സ്വൈര്യവിഹാരം നടത്തുന്നു. ബി.ജെ.പി.-യുടെ അറിയപ്പെടുന്ന പ്രവർത്തകരും സംഘം

ചേർന്ന് നടത്തിയ ഈ ഗുരുതരമായ വധോദ്യമത്തിൽ നേതൃത്വം കൊടുത്തവരുടെ പേരിൽ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആലപ്പുഴ നിയോജകമണ്ഡലത്തിലെ മുതുകുളം പഞ്ചായത്ത് ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച ശ്രീ. ബൈജുവിനെ ഫലപ്രഖ്യാപന ദിവസമായ 10-11-2022-ന് രാത്രി നാലുപേർ ചേർന്ന് ആക്രമിച്ച് പരിക്കേൽപ്പിക്കുകയുണ്ടായി. സംഭവത്തിൽ കനകക്കുന്ന് പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 294 (B), 506, 326 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 387/2022 നമ്പറായി കേസ് രജിസ്റ്റർ ചെയ്തിരുന്നു. തുടർന്നുള്ള അന്വേഷണത്തിൽ ഐ.പി.സി. 308, 34 എന്നീ വകുപ്പുകൾകൂടി കേസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നാംപ്രതി പ്രവീണിനെ 15-11-2022-ന് അറസ്റ്റ് ചെയ്യുകയും പ്രതികൾ സഞ്ചരിച്ചിരുന്ന ബൈക്കും അക്രമത്തിനുപയോഗിച്ച ഇരുമ്പ് പൈപ്പും കണ്ടെടുക്കുകയും ചെയ്തു. ഇയാളെ കോടതി റിമാൻഡ് ചെയ്തിട്ടുണ്ട്. കേസിലെ ഒന്നും രണ്ടും പ്രതികൾ സജീവ ബി.ജെ.പി. പ്രവർത്തകരാണെന്ന് അറിവായിട്ടുണ്ട്. മറ്റ് പ്രതികളെ പിടികൂടുന്നതിന് ഊർജ്ജിത ശ്രമങ്ങൾ പോലീസ് നടത്തിവരുന്നു.

പരിക്കേറ്റ ശ്രീ. ബൈജു ആലപ്പുഴ ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതിയെത്തുടർന്ന് കേസിന്റെ അന്വേഷണം നടത്തുന്നതിനായി കായംകുളം ഡിവൈ.എസ്.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റ് പ്രതികളെ പിടികൂടാനുള്ള ഊർജ്ജിത ശ്രമങ്ങളും നടത്തുണ്ട്.

(2)സർക്കാർ സ്ഥാപനങ്ങളുടെ മതിലുകളുടെ പുനർനിർമ്മാണം

ശ്രീ. എച്ച്. സലാം : സർ, ദേശീയപാത വികസനത്തിന്റെ ഭാഗമായ പ്രവർത്തനങ്ങൾ അതിവേഗതയിലാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി സ്ഥലമെടുപ്പ് ഏറെക്കുറെ പൂർത്തിയാകുകയും കെട്ടിടങ്ങളും മറ്റും പൊളിച്ചുമാറ്റി നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. റോഡ് വികസനത്തിനായി ആയിരക്കണക്കിനാളുകളുടെ സ്വകാര്യ ഭൂമിയോടൊപ്പം നിരവധി പൊതുസ്ഥലങ്ങൾ ഏറ്റെടുക്കുകയും നൂറുകണക്കിന് പൊതുസ്ഥാപനങ്ങൾ പൊളിച്ചുമാറ്റേണ്ടിയുംവന്നു. ഇതിന്റെ നഷ്ടപരിഹാരത്തുക ഒരു പൊതുഹെഡ്ഡിലേയ്ക്കാണ് ലഭിക്കുന്നത്. സ്കൂളുകൾ, ആശുപത്രികൾ, പഞ്ചായത്ത് ഓഫീസ് കെട്ടിടങ്ങൾ, മെഡിക്കൽ കോളേജ് തുടങ്ങിയ സ്ഥാപനങ്ങളുടെ മതിലുകളും കെട്ടിടങ്ങളും പൊളിച്ചുമാറ്റിയിട്ടുണ്ട്. എൽ.പി., യു.പി., ഉൾപ്പെടെയുള്ള സ്കൂളുകൾക്കും ആശുപത്രികൾക്കും

മതിലുകളില്ലാതിരിക്കുന്നത് ഗുരുതരമായ സുരക്ഷിതത്വ പ്രശ്നമാണുണ്ടാക്കുന്നത്. ഈ സാഹചര്യത്തിൽ സ്കൂളുകളുൾപ്പെടെയുള്ള പൊതുസ്ഥാപനങ്ങളുടെ മതിലുകളും കെട്ടിടങ്ങളും പുനർനിർമ്മിക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ദേശീയപാത വികസനം സമയബന്ധിതമായി പൂർത്തിയാക്കുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. സർക്കാർ വകുപ്പുകളുടെ കൈവശത്തിലുള്ള ഭൂമിയിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾ, മതിലുകൾ മുതലായവയ്ക്ക് കേടുപാടുകൾ സംഭവിച്ചാൽ ദേശീയപാത അതോറിറ്റി അത് പുനർനിർമ്മിച്ചുനൽകുകയോ നഷ്ടപരിഹാരം നൽകുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഭൂമി കൈമാറി നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരവും നൽകിയിട്ടുണ്ട്. ഏറ്റെടുക്കുന്ന സർക്കാർ ഭൂമിക്ക് സ്ഥലവില അനുവദിക്കാൻ കഴിയില്ലെന്നും എന്നാൽ അതിലെ കെട്ടിടങ്ങൾക്കും ചമയങ്ങൾക്കും മൂല്യനിർണ്ണയം നടത്തി അതിന്റെ 6 ശതമാനം നഷ്ടത്തുക കിഴിച്ച് നഷ്ടപരിഹാരം അനുവദിക്കുന്നതിന് കഴിയുമെന്നും ദേശീയപാത വികസന

അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്കൂളുകൾ, മെഡിക്കൽ കോളേജുകൾ തുടങ്ങി സമാനസ്വഭാവമുള്ള സർക്കാർ സ്ഥാപനങ്ങളിലെ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുംവിധമുള്ള നിർമ്മാണങ്ങൾ ആവശ്യമുള്ളപക്ഷം അവ സമയബന്ധിതമായി ഏറ്റെടുത്ത് നടത്താൻ കഴിയുമോയെന്ന കാര്യം തദ്ദേശസ്വയംഭരണമുൾപ്പെടെയുള്ള ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

(3) പോളിടെക്നിക് വിദ്യാർത്ഥിനിക്കുനേരെയുണ്ടായ ആക്രമണം

ശ്രീ. ഒ. ആർ. കേളു: സർ, വയനാട് ജില്ലയിലെ മേപ്പാടി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത കോളേജിലെത്തിയ എസ്.എഫ്.ഐ.-യുടെ വയനാട് ജില്ലാ ജോയിന്റ് സെക്രട്ടറികൂടിയായ കുമാരി അപർണ്ണ ഗൗരിയെ യു.ഡി.എസ്.എഫ്. എന്ന പേരിലുള്ള വിദ്യാർത്ഥിസംഘടന യാതൊരു പ്രകോപനവുമില്ലാതെ അതിക്രൂരമായി മർദ്ദിക്കുകയും കൊലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തതായാണ് മനസ്സിലാക്കാൻ സാധിച്ചത്. മാരകമായി പരിക്കേറ്റ കുമാരി അപർണ്ണ ഗൗരി ഗുരുതമായ പ്രശ്നങ്ങൾമൂലം വയനാട് നിംസ് ഹോസ്പിറ്റലിൽ അഡ്മിറ്റാകുകയും

ചികിത്സ നടത്തിവരികയുമാണ്. മയക്കുമരുന്നും ലഹരിയും ഉപയോഗിക്കുന്ന വിദ്യാർത്ഥികളാണ് അവിടെ ആക്രമണം നടത്തിയിട്ടുള്ളത്. യാതൊരു പ്രകോപനവും അവിടെയുണ്ടായിട്ടില്ല. കേരളത്തിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്നിനും ലഹരിക്കുമെതിരെ സർക്കാർ ഒക്ടോബർ 2-ന് വലിയ ക്യാമ്പയിൻ പ്രഖ്യാപിക്കുകയും അത് അപർണ്ണ ഏറ്റെടുക്കുകയും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും ചെയ്തു. ആ അവസരത്തിലാണ് അതിക്രൂരമായ ആക്രമണം ഇവിടെയുണ്ടായത്. ഈ വിദ്യാർത്ഥിനിയെ മാരകമായി ആക്രമിച്ച വിദ്യാർത്ഥികൾ ലഹരിയും മയക്കുമരുന്നും ഉപയോഗിക്കുന്നത് വീഡിയോയിൽ പകർത്തി സമൂഹത്തിൽ പ്രചരിപ്പിച്ച് ഗവൺമെന്റിനെയും പൊതുസമൂഹത്തെയും വെല്ലുവിളിക്കുന്ന രീതിയിലുള്ള പ്രവർത്തനാണ് തുടർന്നുകൊണ്ടിരിക്കുന്നത്. പൊതുസമൂഹത്തെ വെല്ലുവിളിക്കുന്ന നടപടിയായയാണ് ഇതിനെ കാണാൻ സാധിക്കുന്നത്. ഇത്തരം സംഭവങ്ങൾ കേരളത്തിൽ ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാന്യനായ അംഗം ഉന്നയിച്ചത് അങ്ങേയറ്റം അപലപനീയവും പ്രതിഷേധാർഹവുമായൊരു

സംഭവത്തെക്കുറിച്ചാണ്. സാധാരണക്കാരോടൊപ്പം ആദിവാസികളടക്കമുള്ള ദുർബല ജനവിഭാഗക്കാരുടെയും കുട്ടികൾ പഠിക്കുന്ന സ്ഥാപനമാണ് മേപ്പാടി സർക്കാർ പോളിടെക്നിക് കോളേജ്. കുടുംബങ്ങൾക്ക് പ്രതീക്ഷയായി തീരേണ്ട വിദ്യാർത്ഥികളാണ് കോളേജിൽ ലഹരിസംഘങ്ങളുടെ ചൂഷണത്തിനിരയാകുന്നത്. ലഹരി ഉപയോഗത്തിനുള്ള പണം കണ്ടെത്താൻ പലപ്പോഴും മയക്കുമരുന്നിന് അടിമകളായവർ ക്രിമിനൽ സ്വഭാവമുള്ള പ്രവൃത്തികളിലേർപ്പെടുന്നു. ഈ സാഹചര്യത്തിലാണ് വിദ്യാർത്ഥിസംഘടനാ പ്രവർത്തകർ മേപ്പാടി കോളേജിൽ ലഹരിക്കെതിരായ 'No to Drugs' ക്യാമ്പയിൻ ഏറ്റെടുത്തത്. സംസ്ഥാനമെമ്പാടും നടത്തിയ ബോധവത്ക്കരണത്തിന്റെ ഭാഗമായി നടന്ന ശക്തമായ ക്യാമ്പയിനാണിത്. ഇതിനിടെയാണ് 02-12-2022-ന് നടന്ന കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സംഘർഷമുണ്ടായത്. എസ്.എഫ്.ഐ.-യും പ്രതിപക്ഷ വിദ്യാർത്ഥി സംഘടനകളുടെ കൂട്ടുകെട്ടായ യു.ഡി.എസ്.എഫ്. -ഉം ആണ് പ്രധാനമായും മത്സരരംഗത്തുണ്ടായിരുന്നത്. ട്രാബിയോക്ക് എന്ന കൂട്ടായ്മ യു.ഡി.എഫ്.-ന് പിന്തുണ പ്രഖ്യാപിച്ചിരുന്നു. തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ചെറിയതോതിൽ വിദ്യാർത്ഥി

സംഘടനകൾക്കിടയിൽ പ്രശ്നങ്ങളുണ്ടായി. അവർക്കിടയിലേയ്ക്ക് ലഹരി ഉപയോഗിക്കുന്ന ചിലരുൾപ്പെട്ട സംഘം നുഴഞ്ഞുകയറി പ്രശ്നങ്ങൾ ഗുരുതരമാക്കുകയാണുണ്ടായത്. സംഘർഷങ്ങളിലുൾപ്പെട്ട പ്രതികൾ മയക്കുമരുന്ന് ഇടപാടുകളിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വയനാട് നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നു. എസ്.എഫ്.ഐ.-യുടെ ജില്ലാ ജോയിന്റ് സെക്രട്ടറിയായ കുമാരി അപർണ്ണ ഗൗരി മുമ്പ് കോളേജിലെ ഇത്തരം സംഘങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ചിരുന്നു. തെരഞ്ഞെടുപ്പ് ദിവസത്തിൽ കരുതിക്കൂട്ടിയുള്ള ചില പ്രശ്നങ്ങൾ നടന്നപ്പോൾ അതിനെതിരെ നിലപാടെടുത്ത കുമാരി അപർണ്ണ ഗൗരിയെ മുപ്പതോളം വരുന്ന യു.ഡി.എഫ്. പ്രവർത്തകരായ വിദ്യാർത്ഥിസംഘം അസഭ്യം പറയുകയും ഹീനമായി മർദ്ദിക്കുകയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും വസ്ത്രം വലിച്ചുകീറുകയും കഴുത്ത് ഞെരിക്കുകയും തല ചുമരിലിടിച്ച് ഗുരുതരമായി പരിക്കേൽപ്പിക്കുകയും ചെയ്തു. ആ പെൺകുട്ടിക്കെതിരെ സംഘം ചേർന്ന് നടത്തിയ ആക്രമത്തിന്റെ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിലൂടെ ലോകത്താകെ പ്രചരിപ്പിച്ചു. കുമാരി അപർണ്ണ ഗൗരി ഇപ്പോഴും ആശുപത്രിയിൽ ചികിത്സയിലാണ്. ലഹരി

സംഘങ്ങൾക്കെതിരെ കുമാരി അപർണ്ണ ഗൗരിയുടെ നിലപാടാണ് ഈ ആക്രമണത്തിന് കാരണമായത്. ഈ സംഭവത്തിൽ മേപ്പാടി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 717/2022 ആയി ഐ.പി.സി. 143, 147, 149, 294(B), 506(1), 323, 354, 308 എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രതികളിൽ ആറ് പേരെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിട്ടുണ്ട്. വിദ്യാർത്ഥി സംഘർഷങ്ങൾക്കിടെ കോളേജിനുസമീപം നിർത്തിയിട്ടിരുന്ന കാർ തകർത്തതിനും ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഇൻസ്പെക്ടറെ മർദ്ദിച്ചതിനും എസ്.എഫ്.ഐ. നേതാക്കളെ ആക്രമിച്ച സംഭവത്തിനും കോളേജ് ബസ്സിന്റെ ചില്ലുകൾ കല്ലെറിഞ്ഞ് തകർത്തതിനും മറ്റ് അനുബന്ധ പ്രശ്നങ്ങളിലും മേപ്പാടി പോലീസ് സ്റ്റേഷനിൽ പത്ത് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോളേജിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിന് സർവ്വകക്ഷിയോഗം ചേർന്നിരുന്നു. വിദ്യാർത്ഥി സംഘടനകളുടെയും മുഖ്യധാരാ രാഷ്ട്രീയപാർട്ടികളുടെയും പ്രതിനിധികൾ പങ്കെടുത്ത യോഗത്തിൽ ഈ മാസം 12-ാം തീയതി മുതൽ കോളേജ് തുറന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നാം ഒരുമിച്ച് ഏറ്റെടുത്ത 'No to Drugs'

ക്യാമ്പയിനിന്റെ തുടർപ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഇത്തരം സംഭവങ്ങൾ വിരൽചൂണ്ടുന്നത്. ലഹരിക്കെതിരായ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും പങ്കാളിത്തം ഈ സന്ദർഭത്തിൽ ആവർത്തിച്ച് അഭ്യർത്ഥിക്കുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിയമവിരുദ്ധമായി മയക്കുമരുന്ന് എത്തിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മയക്കുമരുന്നിന്റെ സ്രോതസ് കണ്ടെത്തി ഉത്തരവാദികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിന് ഒരു വിട്ടുവീഴ്ചയുമുണ്ടാകില്ല.

(4) <u>തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം നിർമ്മാണം</u>

<u>ശ്രീ. വി. ജോയി</u>: സർ, കഴിഞ്ഞ സർക്കാരിന്റെ ആദ്യത്തെ ബഡ്ജറ്റിൽ 14 ജില്ലകളിൽ 14 ജില്ലാ സ്റ്റേഡിയങ്ങൾ അനുവദിച്ചിരുന്നു. അതിൽ തിരുവനന്തപുരം ജില്ലയിൽ അനുവദിക്കപ്പെട്ട സ്റ്റേഡിയം ഇടവയിലെ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയമാണ്. ഇടവയിലെ ജനങ്ങൾ പിരിച്ച തുക ഉപയോഗിച്ച് അഞ്ചര ഏക്കർ സ്ഥലം വാങ്ങി, ആദ്യം ഗ്രാമപഞ്ചായത്തിനും പിന്നെ കേരള സ്പോർട്സ് കൗൺസിലിനും കൈമാറുകയായിരുന്നു. 09-06-2017-ൽ 58.47 കോടി രൂപയുടെ

ഭരണാനുമതി ലഭിച്ചു. നിർവ്വഹണ ഏജൻസിയായി കിറ്റ്കോയെയാണ് ചുമതലപ്പെടുത്തിയത്. 2018 നവംബർ മാസത്തിൽ നിർമ്മാണം ആരംഭിച്ചു. നിർമ്മാണത്തിന്റെ 35 ശതമാനം പൂർത്തീകരിക്കുന്ന അവസരത്തിൽ കിഫ്ബിയുടെ ടെക്നിക്കൽ വിംഗ് 01-10-2019-ൽ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്പ്പിച്ചു. പരിശോധന ആവശ്യമുണ്ടെന്നാണ് കിഫ്ബിയുടെ ടെക്നിക്കൽ വിംഗ് പറഞ്ഞത്. അതിനായി ഐ.ഐ.ടി. മദ്രാസിനെ ചുമതലപ്പെടുത്തി. രണ്ട് വർഷത്തിനുശേഷം മദ്രാസ് ഐ.ഐ.ടി. ഒരു change-ഉം വേണ്ട, പണിനടത്താമെന്ന റിപ്പോർട്ട് 2021-ൽ കൊടുത്തു. 2021 ആഗസ്റ്റ് മാസം പണിതുടരാൻ തീരുമാനിച്ചു. ആ അവസരത്തിൽ കോൺട്രാക്ടർ റേറ്റ് റിവൈസ് ചെയ്യണമെന്ന വാദം ഉന്നയിച്ചു. കിഫ്ബി അത് അംഗീകരിച്ചില്ല. ഇപ്പോൾ കോൺട്രാക്ടർ foreclosure ചെയ്യണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ നാലഞ്ച് വർഷമായി നിരന്തരം ഇറങ്ങിക്കയറുകയാണ്. പുതിയ മന്ത്രി വന്നതിനുശേഷം നിരവധി പ്രാവശ്യം ഇക്കാര്യത്തിൽ അദ്ദേഹം ഇടപെട്ടിട്ടുണ്ട്. ചില ഏജൻസികൾ കാണിക്കുന്ന നിരുത്തരവാദപരമായ സമീപനം വളരെ പ്രധാനപ്പെട്ടതാണ്. ഇപ്പോൾ പത്രങ്ങളിൽ ദിവസേന

വാർത്തയാണ്. ഏതെങ്കിലുമർത്ഥത്തിൽ ആ പണി പുനഃരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, വർക്കല മണ്ഡലത്തിലെ ഇടവ തോമസ് സെബാസ്റ്റ്യൻ കായിക സമുച്ചയ നിർമ്മാണത്തിന് 2018 നവംബർ 9-ന് കരാറിൽ ഏർപ്പെട്ടിരുന്നു. 28.72 കോടി രൂപയായിരുന്നു കരാർ തുക. നിർമ്മാണ പ്രവൃത്തി 30 ശതമാനം പൂർത്തിയായ സമയത്ത് കിഫ്ബിയുടെ പരിശോധനയിൽ ഫൗണ്ടേഷൻ ഡിസൈനിൽ ചില പോരായ്മകൾ കണ്ടെത്തുകയും ഇത് പരിശോധിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. ഫൗണ്ടേഷൻ ഏറെക്കുറെ പൂർത്തിയായതിനാൽ സ്റ്റെബിലിറ്റി പരിശോധിക്കുന്നതിനും ബലപ്പെടുത്തുന്നതിനും നിർദ്ദേശംതേടി ആദ്യം തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെയും പിന്നീട് പാലക്കാട് ഐ.ഐ.ടി.-യെയും തുടർന്ന് ചെന്നൈ ഐ.ഐ.ടി.-യെയും സമീപിച്ചു. ഈ കാലയളവിൽ പ്രവൃത്തി നിർത്തിവയ്ക്കേണ്ടി വരികയും നിർമ്മാണ വസ്തുക്കൾക്ക് വില വർദ്ധിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ

കരാറുകാരൻ പ്രവൃത്തി തുടരാൻ താൽപ്പര്യമില്ലെന്നും കരാറിൽനിന്നും ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചു. തുടർന്ന് 18-04-2022-ൽ നടന്ന ടെക്നിക്കൽ കമ്മിറ്റിയോഗം കരാറുകാരനെ നിരുപാധികം ഒഴിവാക്കാൻ ശിപാർശ ചെയ്യുകയും 07-06-2022-ന് അത് അംഗീകരിച്ചുകൊണ്ട് കിഫ്ബി തീരുമാനം ലഭ്യമാക്കുകയും ചെയ്തു. കരാറുകാരനെ ഒഴിവാക്കുന്നതിന് മുന്നോടിയായി പൂർത്തീകരിച്ച പ്രവൃത്തികളുടെ ഫൈനൽ മെഷർമെന്റ് എസ്.പി.വി.-യായ കിറ്റ്കോ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കരാറുകാരനുമായി ക്ലോഷർ എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഫൈനൽ മെഷർമെന്റ് സംബന്ധിച്ച് കരാറുകാരന്റെ ചില വിയോജിപ്പുകൾ നിലനിർത്തിക്കൊണ്ടുതന്നെ വിടുതൽ ചെയ്യാനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് കിറ്റ്കോ സമർപ്പിച്ചു. 2022 ഡിസംബർ 1-ന് ചേർന്ന ടെക്നിക്കൽ കമ്മിറ്റി ഈ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചു. ഇത് അടിസ്ഥാനമാക്കി ബാക്കി പ്രവൃത്തികളുടെ അളവുകൾ കണക്കാക്കുകയും ഇതിന് 2018-ലെ ഡി.എസ്.ആർ. പ്രകാരം സാങ്കേതികാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് കിറ്റ്കോയിൽനിന്നും സാങ്കേതികാനുമതിയുടെ പരിഗണനയ്ക്കായി ലഭിച്ചു. ഇതുപ്രകാരം ബാക്കി

പ്രവൃത്തികളുടെ തുക 27.13 കോടി രൂപയാണ്. ഇത് നിലവിൽ അനുവദിച്ച കിഫ്ബി തുകയിൽനിന്നും 49.10 ലക്ഷം രൂപ അധികമാണ്. ബാലൻസ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സാങ്കേതികാനുമതി കിഫ്ബിക്ക് നൽകുകയും എസ്റ്റിമേറ്റ് തുകയിൽനിന്നുള്ള വ്യതിയാനത്തിന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്നമുറയ്ക്ക് പ്രസ്തുത പ്രവൃത്തി ഒരു വർഷത്തിനകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(5) മരങ്ങൾ മുറിക്കുന്നതിന് അനുമതി

ശ്രീ. പ്രമോദ് നാരായൺ: സർ, റാന്നി ഉൾപ്പെടെയുള്ള കേരളത്തിന്റെ മലയോര മേഖലയിലെ നൂറിലധികം വില്ലേജുകളിൽ സ്വന്തം പട്ടയഭൂമിയിൽനിന്നും ഒരുമരംപോലും മുറിക്കാൻ അനുമതി ലഭിക്കാത്തതിനാൽ കർഷകർ അനുഭവിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ വനം, റവന്യൂ വകുപ്പുമന്ത്രിമാർ സംയുക്ത യോഗം ചേർന്ന് വ്യക്തതയുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കണമെന്നതാണ് എന്റെ സബ്മിഷൻ. 1964-ലെ ചട്ടങ്ങൾപ്രകാരം കൈമാറിയ ഭൂമിയിൽ കർഷകർ വച്ചുപിടിപ്പിച്ചതും കിളിർത്തുവന്നതും കൈമാറുന്ന സമയത്ത് അവിടെ വൃക്ഷവില അടച്ച് റിസർവ് ചെയ്തതുമായിട്ടുള്ള ചന്ദനം ഒഴികെയുള്ള മുഴുവൻ മരങ്ങളുടെയും

ഉടമസ്ഥാവകാശം കർഷകർക്കാണെന്നും അതുമുറിക്കാൻ പ്രത്യേക അനുമതി ആവശ്യമില്ലെന്നും 2020 ഒക്ടോബറിൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവിറക്കിയിട്ടുള്ളതാണ്. എന്നാൽ ഇക്കാര്യത്തിൽ വ്യക്തതയുള്ള ഉത്തരവില്ലായെന്ന് പറഞ്ഞുകൊണ്ട് വനം വകുപ്പ് റവന്യു വകുപ്പ് ഉദ്യോഗസ്ഥരുടെ പാസ് വേണമെന്നും എന്നാൽ തങ്ങൾക്ക് ഇക്കാര്യത്തിൽ ഒരു നിർദ്ദേശവുമില്ലയെന്നുംപറഞ്ഞ് ഒരേ സമയം റവന്യു, വനം വകുപ്പുകളിലെ ഉദ്യോഗസ്ഥർ പരസ്പരം പഴിചാരുമ്പോൾ പ്രതിസന്ധിയിലാകുന്നത് കർഷകരാണ്. റാന്നിയിലെ വെച്ചൂച്ചിറ, പെരുനാട്, നാറാണംമൂഴി, പഴവങ്ങാടി ഉൾപ്പെടെയുള്ള പഞ്ചായത്തുകളിൽ എൺപതിലേറെ വർഷങ്ങൾക്കുമുമ്പ് കുടിയേറിയ കർഷകർ അനുഭവിക്കുന്നത് മഹാസങ്കടമാണ്. അവരാരും ലാഭത്തിനുവേണ്ടി മരംമുറിച്ച് കടത്തുന്നവരല്ല. സ്വന്തം മക്കളുടെ പഠനത്തിനായി, ചികിത്സയ്ക്കായി, വിവാഹ ആവശ്യത്തിനായി, കടം വീട്ടാനായി മരം മുറിക്കാനോ സ്വന്തം വീടിന്റെ മുകളിലേയ്ക്ക് ചാഞ്ഞുനിൽക്കുന്ന അപകടാവസ്ഥയിലുള്ള മരത്തിന്റെ ചില്ല മുറിക്കാൻപോലും കർഷകർക്ക് അനുവാദം ലഭിക്കുന്നില്ല. അവരുടെ പേരിൽ കേസെടുക്കുകയാണ്. 750-ഓളം കേസുകളാണ് പല കർഷകരുടെയും

പേരിൽ കേരളത്തിലാകെ മരംമുറിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ളത്. വനം കൊള്ളയ്ക്കെതിരായി സർക്കാർ സ്വീകരിക്കുന്ന ഉശിരാർന്ന നിലപാടുകളെ പിന്തുണയ്ക്കുന്നു. ഉത്തരവുകൾ ദുരുപയോഗപ്പെടുത്തിയ ആളുകൾക്കെതിരെ കർശന നടപടിയുണ്ടാകണം. പക്ഷേ കർഷകർ ശിക്ഷിക്കപ്പെടാൻ പാടില്ല. ഒരേസമയം വന്യമൃഗ ആക്രമണവും മറുവശത്ത് റബ്ബർ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളുടെ വില തകർച്ചയുംമൂലം പ്രതിസന്ധി നേരിടുന്ന കർഷകരെ സംരക്ഷിക്കാനുള്ള നടപടികളുണ്ടാകണം. അവർക്ക് സ്വന്തം ആവശ്യങ്ങൾക്കായി മരം മുറിക്കാനുള്ള അനുമതി നൽകാൻ വ്യക്തതയുള്ള ഉത്തരവ് റവന്യൂ-വനം വകുപ്പുമന്ത്രിമാർ യോഗം ചേർന്ന് പുറപ്പെടുവിക്കണം. കർഷകരെ സംരക്ഷിക്കുന്ന എൽ.ഡി.എഫ്. സർക്കാർ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട റാന്നി എം.എൽ.എ. ഉന്നയിച്ചിട്ടുള്ള വിഷയം മലയോര മേഖലയിലെ കർഷക സമൂഹത്തിന്റെ പൊതുവിഷയമായിട്ടാണ് സർക്കാർ കാണുന്നത്. ഇതിലുള്ള പ്രശ്നം മെമ്പർ സൂചിപ്പിച്ചതുപോലെ റവന്യൂ, വനം

വകുപ്പുകൾ മരംമുറിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചുപോന്നിട്ടുള്ള നിലപാടുകളാണ്. 1964-ലെ കേരള ലാൻഡ് അസൈൻമെന്റ് റൂൾ പ്രകാരം നൽകപ്പെടുന്ന പട്ടയങ്ങളിൽ ആ റൂളിന്റെ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന തേക്ക്, ഈട്ടി, എബണി, ചന്ദനം എന്നീ നാല് ഇനത്തിൽപ്പെട്ട മരങ്ങളുടേയും പട്ടയത്തിൽ പ്രത്യേകമായി റിസർവ് ചെയ്തിരിക്കുന്ന ഇതര ഇനത്തിൽപ്പെട്ട മരങ്ങളുടേയും ഉടമസ്ഥാവകാശം സർക്കാരിനാണെന്നും പ്രസ്തുത മരങ്ങളും അവയുടെ പുതുതായി കിളിർത്തുവരുന്ന തൈകളും അതാത് പാട്ടാധാർമാർ സംരക്ഷിക്കേണ്ടതുണ്ടെന്നും നിഷ്കർഷിച്ചിട്ടുണ്ട്. അതേസമയംതന്നെ 1960-ലെ കേരള ലാൻഡ് അസൈൻമെന്റ് ആക്ടിൻ കീഴിൽ വന്നിട്ടുള്ള റൂളുകൾപ്രകാരം നൽകിയ പട്ടയങ്ങളിലും പട്ടയസ്ഥലങ്ങളിൽ നട്ടുപിടിപ്പിച്ചവയും സ്വമേധയാ കിളിർത്തുവന്നതുമായ എല്ലാ മരങ്ങളുടെയും അവകാശം പാട്ടാധാർമാർക്ക് ലഭിക്കുന്നില്ല. മേൽചട്ടങ്ങളും നിയമങ്ങളും ആദ്യം സൂചിപ്പിച്ചതുപോലെ റവന്യൂ വകുപ്പുമായിക്കൂടി ബന്ധപ്പെട്ടതാണ്. 2005-ലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ സെക്ഷൻ 6 പ്രകാരം, വിജ്ഞാപനം ചെയ്യപ്പെടാത്ത വനേതര ഭൂമി പതിച്ചുകൊടുക്കൽ സമയത്ത് റിസർവ് ചെയ്ത മരങ്ങൾ മുറിക്കാനും നീക്കം ചെയ്യാനും ഉടമകൾക്ക്

നൽകുന്ന അവകാശം സർക്കാർ പതിച്ചുകൊടുത്ത സമയത്ത് റിസർവ് ചെയ്ത മരങ്ങൾക്ക് ബാധകമല്ലെന്നാണ് പറഞ്ഞിട്ടുള്ളത്. റാന്നി ഡിവിഷന്റെ പരിധിയിൽവരുന്ന വനാതിർത്തിയോട് ചേർന്നുള്ള പട്ടയഭൂമികളിൽ ജീവനും സ്വത്തിനും അപകടഭീഷണിയുള്ളതായ മരങ്ങൾ മുറിക്കുന്നതിനുള്ള അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ള മരങ്ങൾ മുറിച്ചുമാറ്റി അപകട ഭീഷണി ഒഴിവാക്കുന്നതിനും പ്രസ്തുത തടികൾ സർക്കാരിൽ നിക്ഷിപ്തമായവയാണെങ്കിൽ ആയവ ബന്തവസ്സിലെടുത്ത് ഡിപ്പോയിലിറക്കാനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഭവനനിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ അന്വേഷണ വിധേയമായി ബന്തവസ്സിലെടുത്ത് മുറിച്ച് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്ന നടപടിയും നടന്നുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ ആദിവാസി സെറ്റിൽമെന്റിലെ കൈവശരേഖയുള്ള ഭൂമിയിൽ കൈവശക്കാർ സ്വയം നട്ടുപിടിപ്പിച്ചിട്ടുള്ള പ്ലാവ്, ആഞ്ഞിലി മുതലായ മരങ്ങൾ മുറിക്കുന്നതിനുള്ള അപേക്ഷയിന്മേൽ അന്വേഷണം നടത്തി ഭവനനിർമ്മാണം, ചികിത്സ, വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ അടിയന്തരാവശ്യങ്ങൾക്കായി വനാവകാശ കമ്മറ്റിയുടെ ശിപാർശയിന്മേൽ ബോധ്യപ്പെട്ട മരങ്ങൾ

മുറിക്കുന്നതിന് അനുവാദം നൽകുന്നതാണ്. കൂടാതെ അടിയന്തര സാഹചര്യങ്ങളിൽ മരം മുറിക്കുന്നതിന് ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ഡിസാസ്റ്റർ മാനേജ്മെന്റ്, നിയമം അനുശാസിക്കുന്ന അധികാരവും ലഭ്യമാക്കിയിട്ടുണ്ട്. മെമ്പർ ഇവിടെ ആവശ്യപ്പെട്ടതുപോലെ ഈ പ്രശ്നങ്ങൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതായതുകൊണ്ട് രണ്ടുവകുപ്പുകളും തമ്മിൽ ചർച്ച നടത്തി ഇതിലുള്ള ആശയക്കുഴപ്പം നീക്കി വ്യക്തത വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(6) വഴിക്കടവ്-പരപ്പനങ്ങാടി റോഡ്

ശ്രീ. പി. കെ. ബഷീർ: സർ, മലപ്പുറം ജില്ലയിലെ നാടുകാണി മുതൽ പരപ്പനങ്ങാടി വരെയുള്ള റോഡ് 2015-ൽ 452 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിച്ചു. ഏഴുകൊല്ലമായിട്ടും അതിന്റെ പ്രവൃത്തി പൂർത്തിയാക്കാതെ വർക്ക് അവസാനിപ്പിച്ചു. ആ റോഡ് കടന്നുപോകുന്ന നിയോജകമണ്ഡലങ്ങളിലെ ആറ് എം.എൽ.എ.-മാർ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി മീറ്റിംഗ് നടത്തി. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അതിന് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കാമെന്ന്

പറഞ്ഞിരുന്നു. അന്ന് ആ വർക്കിൽ 200-ഓളം കോടി രൂപയുടെ പ്രവൃത്തിയും തുകയും ബാക്കിയുണ്ടായിരുന്നു. കഴിഞ്ഞ സഭാസമ്മേളനത്തിൽ ഇതുമായി ബന്ധപ്പെട്ട് ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പ് നൽകിയതാണ്. ഇന്നും ആ റോഡിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഗൂഡല്ലൂർ, നാടുകാണി, നിലമ്പൂർ, മമ്പാടി, എടവണ്ണ, മഞ്ചേരി, മലപ്പുറം, വേങ്ങര, പരപ്പനങ്ങാടി ഇങ്ങനെ പ്രധാനപ്പെട്ട സ്ഥലങ്ങളിലൂടെ പോകുന്ന റോഡാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് ആ റോഡിന്റെ പ്രത്യേകത പറയേണ്ട ആവശ്യമില്ല. ഈ മെയിൻ റോഡിൽ ഒരു റിപ്പയർ വർക്കും നടക്കുന്നില്ല. ഒരു പാച്ച് വർക്ക് പോലും നടക്കുന്നില്ല. ഏറെ വർഷങ്ങളായുള്ള മെയിൻ റോഡാണിത്. ഊട്ടിയിലേക്ക് പോകാനുള്ള ഒരു റോഡാണ്. അവിടെ നിന്നും മൈസൂരിലേക്കും ബാംഗ്ലൂരിലേക്കും പോകാം. അന്തർ സംസ്ഥാന പാതയാണ്. ഇന്നുവരെയും ഒരു നടപടിയുമുണ്ടായില്ല. ഇക്കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. 2011 മുതൽ റോഡ് ഈ അവസ്ഥയിലായിരുന്നിട്ടും 2015-ലാണ് ഭരണാനുമതി കൊടുത്ത് റോഡിന്റെ പ്രവൃത്തി ആരംഭിച്ചത്. ഊരാളുങ്കൽ

ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് അതിന്റെ പ്രവൃത്തി ഏറ്റെടുത്തിരുന്നത്. അതിന്റെ ഫിനാൻഷ്യൽ ടെക്നിക്കൽ വിഭാഗം ഒരു ഒബ്ലിക്ഷൻ പറഞ്ഞുവെന്നതിന്റെ പേരിലാണ് ശേഷിക്കുന്ന വർക്കുകൾ കട്ട് ചെയ്തത്. അതിൽ വളരെ അടിയന്തരമായി ചെയ്യേണ്ട ചില പ്രവൃത്തികളുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുത്ത് ഈ സീസണിലെങ്കിലും ആ റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കണം. ഇപ്പോൾ മഞ്ചേരി ടൗൺ, നിലമ്പൂർ അങ്ങാടി, എടവണ്ണ എന്നിവിടങ്ങളിൽ ചെന്നാലുള്ള ബുദ്ധിമുട്ടും പ്രയാസങ്ങളും അങ്ങ് മനസ്സിലാക്കണം. അതുപോലെതന്നെ അങ്ങാടിപ്പുറംവരെയുള്ള റോഡ് റീടാറിംഗ് ചെയ്യാനുള്ള ഫണ്ടുകൂടി നൽകാൻ പ്രത്യേക താൽപ്പര്യമെടുക്കണം. മലബാറുകാരനായ അങ്ങ് അതിലൊരു പ്രത്യേക താൽപ്പര്യമെടുക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. നാടുകാണി-പരപ്പനങ്ങാടി വരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അങ്ങയോട്

അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്):സർ, ബഹുമാനപ്പെട്ട പി.കെ. ബഷീർ സാഹിബ് സബ്മിഷനിൽ ചൂണ്ടിക്കാണിച്ച വിഷയത്തിൽ നേരത്തേ ഇടപെട്ടതാണ്. നാട്ടുകാണി-പരപ്പനങ്ങാടി റോഡ് ഉൾപ്പെടുന്ന നിയോജകമണ്ഡലത്തിലെ മുൻമന്ത്രിമാരടങ്ങിയ എം.എൽ.എ.-മാരുടെ യോഗം അവിടെ വിളിച്ചുചേർക്കുകയും ചില പരിഹാരമാർഗ്ഗങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും ചെയ്തതാണ്. ഈ റോഡുമായി ബന്ധപ്പെട്ട ചർച്ചയുടെ ഭാഗമായി ചില നടപടികളുമായി മുന്നോട്ടുനീങ്ങിയതുമാണ്. 400 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിക്കപ്പെട്ട ഒരു ഭാഗമാണിത്. എന്നാൽ ധനകാര്യ വകുപ്പിന്റെ ചീഫ് ടെക്നിക്കൽ എക്സാമിനർ ഒരു പരാമർശം നടത്തുകയുണ്ടായി. ഡി.എൽ.പി. ഉള്ള മേഖലകളിൽ പ്രവൃത്തി നടത്തരുതെന്നായിരുന്നു ആ നിർദ്ദേശം. കാരണം ഡി.എൽ.പി. (ഡിഫക്ട് ലയബിലിറ്റി പിരീഡ്)-യുടെ പരിപാലന കാലാവധി ബന്ധപ്പെട്ടവർക്കുതന്നെ അതിന്റെ ഉത്തരവാദിത്വമുണ്ട് എന്നുള്ള കാഴ്ചപ്പാടിന്റെ ഭാഗമായിട്ടാണ് ചീഫ് ടെക്നിക്കൽ എക്സാമിനർ അങ്ങനെയൊരു നിർദ്ദേശം വച്ചത്. അങ്ങനെ ടി

റോഡിന്റെ 66 കിലോമീറ്റർ ഒഴിവാക്കി എസ്റ്റിമേറ്റ് പുതുക്കി. എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി നടത്തേണ്ട സ്ഥിതിയിലേക്കെത്തി. ഒഴിവാക്കിയ ഭാഗങ്ങളിൽ പുനരുദ്ധാരണ പ്രവൃത്തി നടത്തുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ നിർദ്ദേശിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ 260 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിരുന്നു. ഇതിന് ധനകാര്യവകുപ്പിന്റെ അനുമതികൂടി ആവശ്യമുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ഇക്കാര്യം ചർച്ച നടത്തി ഏത് തരത്തിൽ നടപ്പിലാക്കാമെന്നത് സംബന്ധിച്ച് പരിശോധിക്കാം. എം.എൽ.എ.-മാരുൾപ്പെടെ ചർച്ചയിൽ പങ്കുകൊള്ളുന്നത് നല്ലതാണ്. ഇക്കാര്യം ചർച്ച ചെയ്ത് പരിശോധിക്കാവുന്നതാണ്.

(7) <u>വണ്ടിപ്പെരിയാർ-പശുമല-മ്ലാമല-തേങ്ങാക്കൽ റോഡ് നിർമ്മാണം</u>

<u>ശ്രീ. വാഴൂർ സോമൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ വണ്ടിപ്പെരിയാർ-പശുമല-മ്ലാമല-തേങ്ങാക്കൽ റോഡ് കഴിഞ്ഞ 12 വർഷമായി അറ്റകുറ്റപ്പണികൾ നടത്താതെ തകർന്ന് ഗതാഗതയോഗ്യമല്ലാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. വണ്ടിപ്പെരിയാർ ടൗണിലെ ദേശീയപാത 183 കെ.കെ. റോഡിൽ നിന്നും തിരിഞ്ഞ് ശബരിമല

ഇടത്താവളമായ ശ്രീധർമ്മശാസ്താ ക്ഷേത്രം വഴി തോട്ടംമേഖലയായ ചുരക്കുളം, പശുമല, ചന്ദ്രവനം, മ്ലാമല, തേങ്ങാക്കൽ എന്നീ എസ്റ്റേറ്റുകളിലെ പതിനായിരത്തോളം ജനങ്ങൾ സഞ്ചാരത്തിനുവേണ്ടി ഉപയോഗിക്കുന്ന 17 കിലോമീറ്റർ വരുന്ന പ്രധാനപ്പെട്ട റോഡാണ്. വണ്ടിപ്പെരിയാറിൽ നിന്ന് തേങ്ങാക്കൽ വഴി ഏലപ്പാറ മലയോര ഹൈവേയിൽ എത്തി വാഗമൺ-തൊടുപുഴ വഴി നെടുമ്പാശ്ശേരി വിമാനത്താവളത്തിലേക്ക് എളുപ്പത്തിൽ എത്താവുന്ന റോഡും അതുപോലെ തന്നെ വണ്ടിപ്പെരിയാർ-മ്ലാമല-പൂണ്ടിക്കുളം-ചപ്പാത്ത്-കട്ടപ്പന വഴി ഇടുക്കി കളക്ടറേറ്റിലേക്കും മൂന്നാറിലേക്കും ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരാവുന്ന റോഡാണിത്. നിലവിൽ 8 മീറ്റർ വീതിയുള്ള റോഡ് 10 വർഷങ്ങൾക്കുമുമ്പ് പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി കുറെഭാഗം പണി നടത്തിയിട്ടുള്ളതാണ്. 2016-ൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുള്ളതാണ്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയതിനാൽ 2016 മുതൽ 2021 വരെ ത്രിതലപഞ്ചായത്ത് പ്രതിനിധികളും എം.എൽ.എ.-യും റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഫണ്ട് അനുവദിച്ചില്ല. 2022-ൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്ന് 65 ലക്ഷം രൂപയും

ജില്ലാ പഞ്ചായത്ത് മെമ്പർ 45 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഈ തുക കൊണ്ട് 3 കിലോമീറ്റർ റോഡ് മാത്രമേ ഗതാഗതയോഗ്യമാക്കാൻ സാധിക്കുകയുള്ളൂ. 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഈ റോഡിന്റെ പുനരുദ്ധാരണത്തിനുവേണ്ടി 10 കോടി രൂപ ആവശ്യപ്പെടുകയും ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി 100 രൂപ വകയിരുത്തിയിട്ടുള്ളതുമാകുന്നു. ആയിരക്കണക്കിന് പൊതുജനങ്ങളും വിദ്യാർത്ഥികളും ഉപയോഗിക്കുന്ന ഈ റോഡ് സഞ്ചാരയോഗ്യമാക്കണമെന്നാവശ്യപ്പെട്ട് വലിയ ജനകീയ പ്രക്ഷോഭം നടന്നുവരികയാണ്. ആയതിനാൽ ഈ റോഡ് ഗതാഗതയോഗ്യമാക്കുവാൻ കിഫ്ബിയിൽ നിന്നോ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തിയോ ഫണ്ട് അനുവദിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2016-17-ലെ റിവൈസ്ഡ് ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 136 ക്രമനമ്പർ 10 പ്രകാരം പ്രഖ്യാപിക്കുകയും 20-08-2016-ലെ സർക്കാർ ഉത്തരവുപ്രകാരം ഭരണാനുമതി ലഭിക്കുകയും ചെയ്ത ചോറ്റുപാറ-ഉളുപ്പുണി-

വണ്ടിപ്പെരിയാർ-സത്രം റോഡിന്റെ വിശദമായ പദ്ധതി രേഖ കിഫ്ബിയിൽ സമർപ്പിച്ചതിന്റെയടിസ്ഥാനത്തിൽ സൈറ്റ് വിസിറ്റ് നടത്തുകയും പദ്ധതി നടപ്പിലാക്കുന്നതുമൂലമുള്ള ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതം കണക്കിലെടുത്തും കിഫ്ബി മാനദണ്ഡപ്രകാരമുള്ള ട്രാഫിക് ഇല്ലാത്തതും നിർദ്ദിഷ്ട വീതി ലഭ്യമല്ലാത്തതും ഈ പ്രദേശത്തെ ഗതാഗതവും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ ഒറ്റവരി ഗ്രാമീണ റോഡ് മതിയെന്നതുൾപ്പെടെയുള്ള കാരണങ്ങൾകൊണ്ട് പ്രസ്തുത പദ്ധതി പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്നാണ് പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായത്. 2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത റോഡിന്റെ പുനരുദ്ധാരണത്തിനുവേണ്ടി ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ തുക വകയിരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട പീരുമേട് എം.എൽ.എ. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകിയ കത്തിന്റെ പകർപ്പ് തുടർ നടപടികൾക്കായി പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നടപടിക്രമങ്ങൾ അനുസരിച്ച് ബാക്കി തീരുമാനങ്ങളിലേക്ക് കടക്കാം.

(8) ബ്രഹ്മപുരം ജൈവമാലിന്യ പ്ലാന്റ്

ശ്രീ. ടി. ജെ. വിനോദ്: സർ, കൊച്ചി നഗരം നേരിടുന്ന ഗുരുതരമായ വിഷയമാണ് മാലിന്യപ്രശ്നം. 2007-08 കാലഘട്ടത്തിലാണ് അതീവ ഗുരുതരമായ പ്രശ്നം നേരിട്ടത്. അന്ന് ബ്രഹ്മപുരത്ത് സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഏകദേശം 80 ഏക്കറും നഗരസഭ ഏകദേശം 27 ഏക്കറുമുൾപ്പെടെ 107 ഏക്കർ സ്ഥലം സ്വന്തമാക്കുകയുണ്ടായി. 2007-08 കാലഘട്ടത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഗുരുതരമായ വിഷയമുണ്ടായ സന്ദർഭത്തിൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട വി.എസ്. അച്യുതാനന്ദൻ നേരിട്ട് ഇടപെട്ട് കളക്ടറെ ചുമതലപ്പെടുത്തി FEDO (FACT Engineering and Design Organisation)-യുടെ സൂപ്പർവിഷനിൽ എ.ഡി.ബി. സഹായത്തോടുകൂടി 19 കോടി രൂപ മുടക്കി എ.പി.ടി.ഡി.സി. എന്ന സ്ഥാപനത്തിന്റെ പ്രോജക്റ്റ് മുഖേന ജൈവമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുകയുണ്ടായി. പക്ഷേ നിർഭാഗ്യവശാൽ നാലുവർഷം പ്രവർത്തിച്ചുകഴിഞ്ഞപ്പോൾ പ്ലാന്റ് തകർന്നു വീഴുന്ന ഒരു സാഹചര്യമാണുണ്ടായത്. തുടർന്ന് കോർപ്പറേഷൻ കൗൺസിൽ കേന്ദ്രീകൃത പ്ലാന്റ് നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്

അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ മുന്നിലൊരു ആവശ്യമുന്നയിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി സാഹിബ് ആയിരുന്നു അന്നത്തെ വകുപ്പുമന്ത്രി. അന്ന് ഗവൺമെന്റ് ടെണ്ടർ നടത്തി ജി.ജെ. ഇക്കോ പവർ എന്ന ഏജൻസിയെ തെരഞ്ഞെടുക്കുകയും അവർ അതിന്റെ നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്തു. പക്ഷേ സമയബന്ധിതമായി അത് പൂർത്തീകരിക്കാൻ കഴിയാതെവരികയും കഴിഞ്ഞ കോവിഡ് സമയത്ത് ഫണ്ടിന്റെ മൊബിലൈസേഷൻ ഉണ്ടാക്കിക്കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ അവരെ ടെർമിനേറ്റ് ചെയ്യുകയും ചെയ്തു. അതിനുശേഷം അവിടെയൊരു മാലിന്യ സംസ്കരണ പ്ലാന്റിന്റെ ആവശ്യകത നിലനിൽക്കുകയാണ്. കോർപ്പറേഷൻ അവിടെയൊരു ജൈവ മാലിന്യ പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിൽ കൊടുത്തതായി പറയപ്പെടുന്നു. അതോടൊപ്പംതന്നെ 30-04-2020-ലെ 805/2020/എൽ.എസ്.ജി.ഡി. ഉത്തരവുപ്രകാരം ഒരു കേന്ദ്രീകൃത മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നുവെന്ന് പറയുകയുണ്ടായി. ഏത് പ്ലാന്റാണ് അവിടെ നിർമ്മിക്കാനുദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ച് വ്യക്തതയുണ്ടാക്കണം. കാരണം കൊച്ചി

നഗരസഭയിലെ മാത്രമല്ല, സമീപ പ്രദേശങ്ങളിലെ ആറോളം മുനിസിപ്പിലിറ്റികളിലെയും 3 പഞ്ചായത്തുകളിലെയും മാലിന്യം സംസ്കരിക്കുന്നത് ഈ പ്രദേശത്താണ്. അതുകൊണ്ട് ഒരു കേന്ദ്രീകൃത പ്ലാന്റുണ്ടാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. ടി. ജെ. വിനോദ്: അതോടൊപ്പം തന്നെ ഈ വിഷയത്തിൽ ഗവൺമെന്റിന്റെ നേരിട്ടുള്ള ഇടപെടലുണ്ടാകണം. അവിടെ ഇപ്പോൾ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പല പദ്ധതികളും നടക്കുന്നുണ്ട്. പക്ഷേ അതെല്ലാം പരാജയപ്പെട്ടുനിൽക്കുകയാണ്. ടൂറിസം രംഗത്ത് ഏറ്റവും അട്രാക്റ്റീവായ കൊച്ചി പ്രദേശത്ത് മാലിന്യ സംസ്കരണത്തിന് അടിയന്തരമായി ശാശ്വതമായ ഒരു പരിഹാരമുണ്ടാക്കാൻ ഗവൺമെന്റിന്റെ ശക്തമായ ഇടപടലുണ്ടാകണം. അതിന് പരിഹാരമുണ്ടാകണം എന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, എറണാകുളം ജില്ലയിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേസ്റ്റ് ടു എനർജി പ്ലാന്റ് ഖരമാലിന്യങ്ങൾ

സംസ്കരിച്ച് ഊർജ്ജം ഉത്പാദിപ്പിക്കുന്ന തരത്തിലുള്ള ഒരു പ്ലാന്റ് സ്ഥാപിക്കാൻ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 30-04-2020-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പങ്കാളികളാകുന്ന തരത്തിൽ ക്ലസ്റ്റർ മാതൃകയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്. ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പി.പി.പി. മോഡിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിയിൽ കൊച്ചി കോർപ്പറേഷന് പുറമെ തൃക്കാക്കര, തൃപ്പൂണിത്തുറ, കളമശ്ശേരി, ഏലൂർ, മരട്, ആലുവ, പെരുമ്പാവൂർ, അങ്കമാലി, നോർത്ത് പറവൂർ, മൂവാറ്റുപുഴ, കോതമംഗലം, പിറവം, കൂത്താട്ടുകുളം എന്നീ മുനിസിപ്പാലിറ്റികളും പങ്കാളികളാണ്. വീടുകളിൽനിന്നും തരംതിരിച്ച മാലിന്യങ്ങൾ ശേഖരിച്ച്, നിശ്ചിത കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സെക്കന്ററി കളക്ഷൻ പോയിന്റുകളിൽ എത്തിക്കേണ്ടത് പങ്കാളികളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. സെക്കന്ററി കളക്ഷൻ പോയിന്റുകളിൽനിന്ന് ഖര മാലിന്യങ്ങൾ ശേഖരിച്ച്, സംസ്കരണശാലകളിൽ എത്തിച്ച്, സംസ്കരിച്ച് ഊർജ്ജമാക്കി മാറ്റേണ്ടത് സ്വകാര്യ ഏജൻസിയുടെ

ചുമതലയുമാണ്. ഇതിനായി പ്രത്യേകം രൂപകൽപ്പന ചെയ്ത അടച്ചുറപ്പുള്ള വാഹനങ്ങളായിരിക്കും ഉപയോഗിക്കുക. ഈ പ്ലാന്റുകളിൽ ജൈവ മാലിന്യങ്ങൾ ബയോ മെത്തനേഷൻ പ്രക്രിയയിലൂടെ കംപ്രസ്ഡ് ബയോ ഗ്യാസും വളവുമാക്കി മാറ്റുകയും അജൈവ മാലിന്യങ്ങൾ ഇൻസിനറേഷൻ പ്രക്രിയയിലൂടെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനോ ആർ.ഡി.എഫ്. ആക്കി മാറ്റുന്നതിനോ ആണ് ഉദ്ദേശിക്കുന്നത്. ഈ പ്ലാന്റുകളിലൂടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഇലക്ട്രിസിറ്റി ബോർഡിന് കൈമാറുകയും ചെയ്യും. ആ പദ്ധതിയുടെ നോഡൽ ഏജൻസിയായി സർക്കാർ കെ.എസ്.ഐ.ഡി.സി-യെ നിയമിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റിന്റെ സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ കെ.എസ്.ഐ.ഡി.സി. പൂർത്തിയാക്കിയിട്ടുണ്ട്. സമർപ്പിക്കപ്പെട്ട ടെണ്ടറുകളിൽനിന്നും സർക്കാർ നിയോഗിച്ച സാങ്കേതിക സമിതി നടത്തിയിട്ടുള്ള സാങ്കേതികവും സാമ്പത്തികവുമായ പരിശോധനയുടെ അടിസ്ഥാനത്തിൽ M/s Zonta Infratech Private Limited നേതൃത്വം നൽകുന്ന കൺസോർഷ്യത്തിനെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി വേസ്റ്റ്

മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ, പദ്ധതി നടത്തിപ്പിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിനുള്ള കൺസെഷൻ എഗ്രിമെന്റ് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഒഴികെ പദ്ധതികളിൽ പങ്കാളികളായ പതിമൂന്ന് മുനിസിപ്പാലിറ്റികളും ഒപ്പുവച്ചിട്ടുണ്ട്. കൺസെഷൻ എഗ്രിമെന്റിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻകൂടി ഒപ്പുവച്ചശേഷം പദ്ധതിക്കാവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതിനും പവർ താരിഫ് ഫിക്സേഷൻ, പവർ പർച്ചേയ്സ് എഗ്രിമെന്റ് എന്നിവയ്ക്കാവശ്യമായ തുടർനടപടികൾ കൺസെഷണയർ കമ്പനി കൈക്കൊള്ളുന്നതാണ്. അതിനുശേഷം പദ്ധതിക്കാവശ്യമായ സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ്, അപ്രൂവൽ എന്നിവ ലഭ്യമാകേണ്ടതുണ്ട്. അതിനെത്തുടർന്ന് ധനസമാഹരണ നടപടികൾ പൂർത്തിയാക്കുന്നമുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. കൺസെഷൻ എഗ്രിമെന്റ് പദ്ധതിയിൽ പങ്കാളികളായിട്ടുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഒപ്പുവച്ചശേഷം, ഒൻപത് മാസങ്ങൾക്കുള്ളിൽ പദ്ധതിക്കാവശ്യമായ എല്ലാ ക്ലിയറൻസും ലഭ്യമാക്കുന്നതിനും തുടർന്ന് രണ്ട് വർഷംകൊണ്ട് നിർമ്മാണ

പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജൈവ മാലിന്യ പ്ലാന്റ് പ്രവർത്തനക്ഷമമാണ്. മഴക്കാലം മാറിയതിനാൽ പ്ലാന്റിലെത്തുന്ന ജൈവ മാലിന്യത്തെ ഇനോക്കുലം തളിച്ച്, വെയിലത്ത് ഉണക്കിയശേഷം ടാർപ്പോളിനിട്ട് മൂടി തരംതിരിച്ച്, സംസ്കരിച്ച് വളമാക്കി മാറ്റുകയാണ് ചെയ്യുന്നത്. ഈ പ്രക്രിയ വളരെ കാര്യക്ഷമമായി നടക്കുന്നുണ്ട്. ഇതിനുപുറമെ വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റിനുവേണ്ടിയുള്ള ഡി.പി.ആർ. അതിന്റെ സോയിൽ ടെസ്റ്റ്, സ്ട്രക്ചറൽ ഡിസൈൻ, സ്ട്രക്ചറൽ വെറ്റിംഗ് എന്നിവയടക്കം തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അത് സർക്കാരിന്റെ പരിഗണനയിലിരിക്കുകയുമാണ്. വേസ്റ്റ് ടു എനർജി പ്ലാന്റ് വരുന്ന സാഹചര്യത്തിൽ പുതിയ വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റിന്റെ ഫീസിബിലിറ്റി സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(9) <u>തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം</u>

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, കേരളത്തിലെ പാവപ്പെട്ട സാധാരണക്കാരായ തൊഴിലുറപ്പ് തൊഴിലാളികളെ ബാധിക്കുന്ന പ്രധാനപ്പെട്ട വിഷയമാണ് സഭയിൽ സബ്മിഷനായി ഉന്നയിക്കുന്നത്.

ഡോ. മൻമോഹൻ സിംഗ് പ്രധാനമന്ത്രി ആയിരുന്ന കാലഘട്ടത്തിലാണ് തൊഴിലുറപ്പ് പദ്ധതിയെന്ന ബൃഹത് പദ്ധതി രാജ്യത്ത് നടപ്പാക്കിയതിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം ഒരു പരിധിവരെ ഇല്ലാതാക്കാനും സാധാരണക്കാരായ ആളുകൾക്ക് തൊഴിലവസരം ലഭിക്കുന്ന ഒരു സാഹചര്യത്തിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞതും. ആ പദ്ധതി ഇന്ന് വലിയ ദയനീയാവസ്ഥയിലാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുന്ന തൊഴിലാളികൾക്ക് 2022 ഒക്ടോബർ മാസം മുതൽ ചെയ്ത ജോലിക്ക് കൂലി ലഭിക്കാത്ത അവസ്ഥയാണുള്ളത്. വളരെ പാവപ്പെട്ടവരും സാധാരണക്കാരുമായ സഹോദരിമാരാണ് ഈ മേഖലയിൽ ഏർപ്പെട്ടിരിക്കുന്നതിൽ  അധികവുമെന്ന കാര്യം നമുക്കറിയാം. അവർക്ക് നിത്യേനയുള്ള കൂലി അതത് ദിവസം കിട്ടിയാൽ അത്രയും ഉപകാരമായിരിക്കും, കാരണം അവരുടെ വീടുകളിൽ ആ പണമുപയോഗിച്ച് അവരുടെ നിത്യ ജീവിതം മുന്നോട്ടുപോകാൻ ഏറ്റവും സഹായകരമാകും. എന്നാൽ കുറച്ചു നാളുകളായി ഇവർക്ക് ലഭിക്കേണ്ട കൂലി പല കാരണങ്ങളാൽ പെന്റിംഗാകുകയാണ്. ഇത് കേന്ദ്ര ഗവൺമെന്റ് നൽകുന്ന ഫണ്ടാണെന്ന കാര്യം നമുക്കറിയാം. കേന്ദ്ര ഗവൺമെന്റ് യഥാസമയം

ഫണ്ടനുവദിക്കാത്തതുകൊണ്ടാണ് കുടിശ്ശിക വരുന്നതെങ്കിൽ ആ വിവരം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ള ശക്തമായ സമ്മർദ്ദം ചെലുത്തുകയും പാവപ്പെട്ടവർക്കുള്ള കൂലി എത്രയും വേഗം അനുവദിക്കുന്നതിനുള്ള നടപടിയുണ്ടാകുകയും വേണം. ഇത് കേരളത്തിലെ സാധാരണക്കാരുടെ ഒരാവശ്യമാണ്. അതുപോലെതന്നെ ഈ പദ്ധതിയിൽ കുറച്ച് മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഇപ്പോൾ നൂറ് തൊഴിൽദിനങ്ങളാണ് ഒരു വർഷം അനുവദിച്ചിട്ടുള്ളത്. അത് നൂറ്റിയമ്പത് തൊഴിൽദിനങ്ങളായി വർദ്ധിപ്പിക്കാൻ സാധിക്കണം. എന്നാൽ മാത്രമെ എല്ലാ മാസവും അവർക്ക് സ്ഥിരമായൊരു വരുമാനമുണ്ടാകുകയുള്ളൂ. ഒരു ദിവസത്തെ വേതനം 311 രൂപയാണ്. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ട് പ്രസ്തുത തുക വർദ്ധിപ്പിക്കാനുള്ള നടപടിയുണ്ടാകണം. വളരെ നിസ്സാരമായ തുകയാണിത്. അതിനാൽ ദിവസ വേതനം വർദ്ധിപ്പിക്കാനുള്ള നടപടിയുണ്ടാകണം. അതുപോലെതന്നെ ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള സാഹചര്യമുണ്ടാകണം. മുനിസിപ്പാലിറ്റികളിലൂടെ നടപ്പാക്കുന്ന അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതേ മാതൃകയിൽ പഞ്ചായത്തുകൾ നടത്തുന്ന

തൊഴിലുറപ്പ് പദ്ധതിയിലും ക്ഷീര കർഷകരെ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തണം. ആലുവ ഉൾപ്പെടെയുള്ള പല മുനിസിപ്പാലിറ്റികളിലും ഈ പദ്ധതി ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. അതിനുള്ള പണമനുവദിക്കേണ്ടത് സംസ്ഥാന സർക്കാരാണ്. യഥാസമയം പണം അനുവദിക്കാത്തതിനാൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നിർത്തിവച്ചിരിക്കുന്ന ഒരു സാഹചര്യമുണ്ട്. അതിനാവശ്യമായ ഫണ്ട് അനുവദിച്ച് പദ്ധതി സുഗമമായി മുന്നോട്ടുപോകുന്നതിനുള്ള നടപടിയുണ്ടാകണം. പഞ്ചായത്തുകളിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിക്കും മുനിസിപ്പാലിറ്റികൾ വഴി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലും ഉൾപ്പെടുന്ന തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലി പൂർണ്ണമായും കേന്ദ്ര സർക്കാരാണ് നൽകേണ്ടത്. തൊഴിൽ പൂർത്തിയാക്കി

പതിനഞ്ച് ദിവസത്തിനുള്ളിൽ തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് വേതനം നൽകണമെന്നാണ് നിയമം. പ്രവൃത്തി പൂർത്തിയാക്കി ആദ്യത്തെ ഏഴ് ദിവസത്തിനുള്ളിൽ കൂലി ലഭിക്കുന്നതിനാവശ്യമായ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ ലഭ്യമാക്കേണ്ടതാണ്. തുടർന്നുള്ള എട്ട് ദിവത്തിനകം കൂലി ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കേണ്ടത് തൊഴിലുറപ്പ് പദ്ധതിയുടെ കേന്ദ്ര മിഷനാണ്. സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം നടത്തുന്ന ഗ്രാമപഞ്ചായത്ത് തലത്തിൽ കൃത്യമായും സമയബന്ധിതമായും നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തിയാക്കുന്നമുറയ്ക്ക് അവയുടെ 96.75 ശതമാനവും ഗ്രാമപഞ്ചായത്ത് തലത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കിവരുന്നുണ്ട്. കൃത്യ സമയത്ത് കൂലി കൊടുക്കുന്നതിൽ ഇന്ത്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളമെന്ന കാര്യംകൂടി ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്. പക്ഷെ ഗ്രാമപഞ്ചായത്തുതലത്തിൽ നടപടി സ്വീകരിച്ചാലും പണം കേന്ദ്ര ഗവൺമെന്റ് അനുവദിക്കേണ്ടതുണ്ട്. പണം കേന്ദ്ര ഗവൺമെന്റ് സമയബന്ധിതമായി അനുവദിച്ചാൽമാത്രമെ യഥാസമയം കൂലി കൊടുക്കാൻ കഴിയുകയുള്ളൂ. ഈ സാമ്പത്തിക വർഷം

കേരളം 10.31 കോടി തൊഴിൽ ദിനങ്ങൾക്കാവശ്യമായ തുക ആവശ്യപ്പെട്ടിരുന്നു. പക്ഷെ കേന്ദ്ര സർക്കാർ വെറും ആറ് കോടി തൊഴിൽ ദിനങ്ങൾ മാത്രമാണ് അനുവദിച്ചത്. പത്ത് കോടി തൊഴിൽ ദിനങ്ങൾക്കാനുപാതികമായി 1401.72 കോടി രൂപയാണ് ഒന്നാം ഗഡുവായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചത്. എന്നാൽ ഈ കാലയളവിൽ 1823.86 കോടി രൂപയുടെ തൊഴിൽ ദിനങ്ങൾ കേരളം സൃഷ്ടിക്കുകയുണ്ടായി. കേന്ദ്രത്തിൽനിന്നും 422.14 കോടി രൂപയുടെ കൂലി വിതരണം ചെയ്തിട്ടില്ല. ഇതിന്റെ ഫലമായി ഒക്ടോബർ മാസത്തോടെ തൊഴിലാളികൾക്കുള്ള വേതനം കുടിശ്ശികയായി മാറിയ സാഹചര്യമുണ്ടായിട്ടുണ്ട്. കോവിഡിന്റെ പ്രതിസന്ധിയുണ്ടായ 2020-21-ൽ 10.23 കോടിയും 2021-22-ൽ 10.59 കോടിയും തൊഴിൽദിനങ്ങൾ തൊഴിലുറപ്പ് പദ്ധതിക്കുകീഴിൽ കേരളം സൃഷ്ടിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായിട്ടാണ് ഈ സാമ്പത്തിക വർഷം 10.31 കോടി തൊഴിൽദിനങ്ങൾ ലേബർ ബഡ്ജറ്റിലൂടെ കേരളം ആവശ്യപ്പെട്ടത്. പക്ഷെ, ഞാൻ നേരത്തെ പറഞ്ഞതുപോലെ, 6 കോടി മാത്രമേ അനുവദിച്ചിട്ടുള്ളൂ. പ്രസ്തുത 6 കോടിയിൽത്തന്നെ ഇതിനകം കേരളം 5.84 കോടി

തൊഴിൽദിനങ്ങൾ സൃഷ്ടിച്ചുകഴിഞ്ഞു. ഇനിയും നാലഞ്ച് മാസങ്ങൾ ശേഷിക്കുകയാണ്. അതുകൊണ്ട് കേന്ദ്ര സർക്കാർ കൂടുതൽ തൊഴിൽ ദിനങ്ങൾ അനുവദിക്കണം. കേന്ദ്ര സർക്കാർ തൊഴിൽ ദിനങ്ങൾ അനുവദിച്ചില്ലെങ്കിൽ അഡ്വാൻസ് കൊടുത്താൽ പിന്നെ അവിടെനിന്ന് കിട്ടുമെന്ന് ഉറപ്പില്ല. കേന്ദ്ര സർക്കാർ തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നില്ല എന്നതാണൊരു പ്രശ്നം. സംസ്ഥാന സർക്കാർ അതിനുവേണ്ടി സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. അനുവദിച്ച 6 കോടി തൊഴിൽ ദിനങ്ങളുടെ കൂലിയിനത്തിൽ ഒന്നാം ഗഡു മാത്രമേ ലഭിച്ചിട്ടുള്ളൂ. രണ്ടാം ഗഡു ലഭിക്കുന്നതിന് അൺ-ഓഡിറ്റഡ് അക്കൗണ്ട് സെപ്റ്റംബർ 27-ന്, നൽകേണ്ടതിന്റെ മൂന്ന് ദിവസം മുൻപുതന്നെ നമ്മൾ നൽകിയിട്ടുണ്ട്. അതുപോലെ ഓഡിറ്റഡ് ഫണ്ട് റിക്വസ്റ്റ് നവംബർ 28-നും നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ട്. നമ്മുടെ ഭാഗത്തുനിന്നും യാതൊരു കാലതാമസമോ വീഴ്ചയോ ഉണ്ടായിട്ടില്ല. ഇതോടൊപ്പം, മെറ്റീരിയൽ വർക്കുകളുടെ ഭാഗമായി നൽകേണ്ട 143.48 കോടി രൂപയും കുടിശ്ശികയാണ്. ഇതിന്റെ 75% ആയ 107.61 കോടി രൂപ കേന്ദ്രത്തിൽനിന്ന് ലഭിക്കേണ്ടതാണ്. അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റായി 111

കോടി രൂപയും ലഭിക്കുവാനുണ്ട്.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയോടുള്ള കേന്ദ്ര സർക്കാരിന്റെ സമീപനത്തിന്റെ പ്രശ്നം ഇതിലടങ്ങിയിട്ടുണ്ട്. അടുത്തകാലത്ത് കൊണ്ടുവന്നൊരു നിബന്ധന ബഹുമാനപ്പെട്ട അംഗത്തിനും അറിയാമായിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. ഒരു പഞ്ചായത്തിൽ 20 വർക്ക് മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവൂ എന്നുള്ള നിബന്ധന കൊണ്ടുവന്നു. അതിശക്തമായിട്ടാണ് കേരള സർക്കാർ ഇക്കാര്യത്തിൽ ഇടപെട്ടത്. നിരന്തരമായ ഇടപെടലിന്റെയും സമ്മർദ്ദത്തിന്റെയും ഫലമായി ആ വ്യവസ്ഥ കേരളത്തിന് മാത്രമായി ഒഴിവായിക്കിട്ടി. നാം നടത്തിയ ഇടപെടലിന്റെ ഫലമായാണത്. ഇതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് വേഗത്തിൽ ലഭിക്കുന്നതിന് കേരള സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഫണ്ട് കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് കൂലി കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിയും.

ഒരുകാര്യംകൂടി ഇവിടെ ചൂണ്ടിക്കാണിക്കുന്നു. തൊഴിൽദിനങ്ങൾ 100 എന്നത് 150 എന്നാക്കണമെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. 100 തൊഴിൽദിനത്തിനുള്ള പണംതന്നെ നമ്മളാവശ്യപ്പെട്ടത് ലഭിക്കുന്നില്ല.

കേന്ദ്ര നിയമത്തിലെ പ്രൊവിഷൻ അനുസരിച്ച് തൊഴിൽദിനങ്ങൾ 100 ആണ്. കേരളത്തിൽ പ്രത്യേകമായ പദ്ധതി ആദിവാസി മേഖലകളിൽ നടപ്പാക്കുന്നുണ്ട്. അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലകളിൽ ട്രൈബൽ പ്ലസ് എന്നപേരിൽ 200 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ക്ഷീര കർഷകരെ ഉൾപ്പെടുത്തുന്ന കാര്യത്തിലും കേന്ദ്രാനുമതി ഒരു പ്രശ്നമാണ്.

നഗര തൊഴിലുറപ്പ് പദ്ധതിയുടെ കാര്യം പറഞ്ഞു. ഒരുകാര്യം വളരെ അഭിമാനത്തോടുകൂടിത്തന്നെ ചൂണ്ടിക്കാണിക്കാൻ കഴിയും. ഇന്ത്യയിൽ നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കണമെന്ന, ഇടതുപക്ഷം എത്രയോ കാലമായി കേന്ദ്രത്തിനോട് ആവശ്യപ്പെടുന്ന ആവശ്യം ആദ്യമായി നടപ്പാക്കിയത് ഈ ഗവൺമെന്റാണ്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ് നഗര തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചത്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമില്ല. 36,000 കോടി രൂപയുടെ വരുമാന നഷ്ടമുണ്ടായൊരു സാഹചര്യത്തിൽപ്പോലും കേരളത്തിലെ സർക്കാർ നഗര തൊഴിലുറപ്പ് പദ്ധതിക്ക് തുക നീക്കി വച്ചിട്ടുണ്ട് എന്നതാണ് കാണേണ്ടത്.

(10) ആധാരമെഴുത്ത് മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്തെ ആധാരമെഴുത്തുകാരായ തൊഴിലാളികളും അവരുടെ കുടുംബങ്ങളും നേരിടുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ഞാൻ സഭയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നത്.

സംസ്ഥാനത്തെ ഏറ്റവും പുരാതനമായ വകുപ്പുകളിലൊന്നായ രജിസ്ട്രേഷൻ വകുപ്പിന്റെ ഉത്ഭവം മുതൽതന്നെ ആധാരമെഴുത്ത് ഒരു തൊഴിൽ എന്ന നിലയിൽ ഉത്ഭവിച്ചിട്ടുള്ളതും ആധാരമെഴുത്ത് തൊഴിലാളി വിഭാഗം നിലവിൽ വന്നിട്ടുള്ളതുമാണ്. പ്രമാണങ്ങളുടെ അനന്യത തെളിയിക്കൽ, കൃത്രിമം തടയൽ, അവകാശാധാരങ്ങൾക്ക് സുരക്ഷിതത്വം നൽകൽ എന്നിവ സുപ്രധാന ലക്ഷ്യങ്ങളായി സ്വീകരിച്ചിട്ടുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ആധാരമെഴുത്ത് തൊഴിലാളികൾ തന്നെയാണ് പ്രധാന പങ്കുവഹിക്കുന്നത്. ഇടപാടുകൾ കുറവായിരുന്ന പ്രാരംഭ കാലങ്ങളിൽ ഒരു ചെറിയ വിഭാഗം ആളുകൾ മാത്രമാണ് ഈ തൊഴിൽ മേഖലയിലുണ്ടായിരുന്നത്. തുടർന്ന് ഒരു പരമ്പരാഗത തൊഴിലെന്ന നിലയിലും സ്വയംതൊഴിൽ കണ്ടെത്തുന്ന തരത്തിലും ഈ തൊഴിൽ

വളർന്നുവന്നു. ഇന്ന് രജിസ്ട്രേഷൻ മേഖലയിൽ ഇടപാടുകൾ വലിയതോതിൽ വർദ്ധിച്ചപ്പോൾ ആധാരമെഴുത്ത് തൊഴിലാളികളുടെ വർദ്ധനവും അനിവാര്യമായിത്തീരുകയും സ്വയംതൊഴിൽ കണ്ടെത്തുകയെന്ന രീതിയിൽ ആധാരമെഴുത്ത് തൊഴിൽ മേഖലയിൽ പതിനായിരക്കണക്കിന് അഭ്യസ്തവിദ്യർ കടന്നുവരികയുമുണ്ടായി. സ്റ്റാമ്പ് ആക്റ്റ്, രജിസ്ട്രേഷൻ ആക്റ്റ്, രജിസ്ട്രേഷൻ മാന്വൽ എന്നിവ അടിസ്ഥാനമാക്കി രജിസ്ട്രേഷൻ വകുപ്പ് നടത്തുന്ന പരീക്ഷകൾ പാസ്സായി ആധാരം തയ്യാറാക്കൽ ലൈസൻസും കൈപ്പട ലൈസൻസും സമ്പാദിച്ച്, വർഷാവർഷം സർക്കാരിലേയ്ക്ക് ഫീസൊടുക്കി ലൈസൻസുകൾ പുതുക്കി ആധാരമെഴുത്ത് തൊഴിൽ മേഖലയിൽ പണിയെടുത്ത് കുടുംബം പോറ്റിവരുന്ന പതിനായിരക്കണക്കിന് ആധാരമെഴുത്ത് തൊഴിലാളികൾ ഇപ്പോൾ സംസ്ഥാനത്തുണ്ട്. അവരുടെ ഉത്കണ്ഠയാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ഈ തൊഴിൽ മേഖലയിലും കമ്പ്യൂട്ടർവൽക്കരണം കടന്നുവരികയാണ്. അതിനെ പൊതുവെ ഈ മേഖല സ്വാഗതം ചെയ്യുന്നുണ്ട്. പൊതുജന ക്ഷേമപരവും തൊഴിലാളി സൗഹാർദ്ദപരവും അഴിമതി നിർമ്മാർജ്ജനശ്രമവുമായി നടപ്പിലാക്കുന്ന ആധുനികവൽക്കരണത്തെ

സ്വാഗതം ചെയ്യുകയാണ്. എന്നാൽ, ആധുനികവൽക്കരണം എന്നപേരിൽ ആധാരങ്ങളും ഫയലിംഗ് ഷീറ്റും ഒഴിവാക്കി 'ടെംപ്ലേറ്റ് മോഡൽ' എന്നപേരിലുള്ള പുതിയ പരിഷ്കാരം ആധാരങ്ങളുടെ സുരക്ഷിതത്വവും ഇടപാടുകളുടെ സുതാര്യതയും വ്യക്തതയും പൊതുജനങ്ങളുടെ ഭൂരേഖ സുരക്ഷിതത്വവും ഇല്ലാതാക്കുമെന്ന് കരുതേണ്ടതുണ്ട്. അതുമാത്രമല്ല, ആധാരമെഴുത്ത് മേഖലയിൽ പണിയെടുക്കുന്ന ആയിരക്കണക്കിന് തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും നിലനിൽപ്പുതന്നെ ഇല്ലാതാക്കും. കേന്ദ്ര ഗവൺമെന്റ് നമ്മുടെ രാജ്യമാകെ ഒരു രാജ്യം, ഒരു രജിസ്ട്രേഷൻ എന്ന നയം നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. ഒരു രാജ്യം ഒരു ഭാഷ, ഒരു രാജ്യം ഒരു നികുതി, ഒരു രാജ്യം ഒരു വേഷം, ഒരു രാജ്യം ഒരു പോലീസ്, ഒരു രാജ്യം ഒരു സംസ്കാരം തുടങ്ങിയ നയങ്ങളുടെ തുടർച്ചയാണ് രജിസ്ട്രേഷൻ രംഗത്തും കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്നത്.

തൊഴിലെടുക്കാനുള്ള അവകാശം നിഷേധിക്കരുതെന്നും അശാസ്ത്രീയമായ 'ടെംപ്ലേറ്റ് മോഡൽ' പരിഷ്കരണം നടപ്പിലാക്കുന്നതിൽനിന്നും പിൻമാറണമെന്നും തികച്ചും അശാസ്ത്രീയവും

അപ്രായോഗികവുമായ, പൊതുജനങ്ങൾ തള്ളിക്കളഞ്ഞ സ്വയം ആധാരമെഴുതാമെന്ന കരിനിയമം പിൻവലിക്കണമെന്നും പരിചയസമ്പന്നരായ കൈപ്പട ലൈസൻസികൾക്ക് ആധാരം തയ്യാറാക്കൽ ലൈസൻസ് അനുവദിക്കണമെന്നും ആധാരം തയ്യാറാക്കൽ പരീക്ഷ നിയമാനുസൃതം നടത്തണമെന്നും ആധാരം എഴുത്തുഫീസ് പട്ടിക പുതുക്കി നിശ്ചയിക്കണമെന്നും ആധാരമെഴുത്ത് തൊഴിൽ സംരക്ഷിക്കണമെന്നും കേരളത്തിലെ ആധാരമെഴുത്ത് തൊഴിലാളികൾക്കുവേണ്ടി ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോടും പ്രിയപ്പെട്ട മന്ത്രിയോടും അഭ്യർത്ഥിക്കുകയാണ്.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, രജിസ്ട്രേഷൻ വകുപ്പിനെ കൂടുതൽ ജനകീയമാക്കുന്നതിനും ആധാര രജിസ്ട്രേഷൻ നടപടിക്രമങ്ങളും ആധാര ഭാഷയും സാധാരണക്കാർക്കുകൂടി മനസ്സിലാകുന്ന വിധത്തിൽ ലളിതവൽക്കരിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് വകുപ്പിന്റെ വെബ്സൈറ്റിൽ 16.07.2013-ലെ സ.ഉ. (സാധാ) നം.545/2013/നി.വ. നമ്പർ ഉത്തരവുപ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള 19 തരം ആധാര മാതൃകകൾ

ലളിതവൽക്കരിച്ചുകൊണ്ട് ഫോം രൂപീകരിക്കുന്നതിന് നികുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന 06.03.2021-ലെ യോഗനടപടിക്കുറിപ്പ് പ്രകാരം തീരുമാനിച്ചിരുന്നു.

ആധാരങ്ങൾ തയ്യാറാക്കുന്നതിന് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസുള്ള ആധാരമെഴുത്തുകാർ, അഡ്വക്കേറ്റുമാർ, ആധാരത്തിലെ കക്ഷികൾ എന്നിവർക്ക് നിയമപരമായി അധികാരമുണ്ട്. ആധാരം തയാറാക്കിയശേഷം അത് മുദ്രപ്പത്രത്തിൽ എഴുതുകയോ പ്രിന്റ് എടുക്കുകയോ ചെയ്യുന്നു. അതിന്റെ ശരിപ്പകർപ്പുകൂടി തയ്യാറാക്കിയശേഷം രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ ഡാറ്റാ എൻട്രി ചെയ്ത് രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടച്ച് ടോക്കൺ എടുത്തശേഷം നിശ്ചിത സമയത്ത് സബ് രജിസ്ട്രാർ ഓഫീസിൽ ആധാര കക്ഷി ആധാരം ഹാജരാക്കുന്നു. ഇ-സ്റ്റാമ്പ് ആവശ്യമായ ആധാരങ്ങളിൽ ഡാറ്റാ എൻട്രി ചെയ്തശേഷം ഓൺലൈനായി സ്റ്റാമ്പ് ഡ്യൂട്ടി അടച്ചശേഷമാണ് ഇ-സ്റ്റാമ്പ് ലഭ്യമാകുന്നത്. ഇപ്രകാരം ഹാജരാക്കുന്ന ആധാരങ്ങൾ നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചശേഷം രജിസ്ട്രേഷനായി സബ് രജിസ്ട്രാർ സ്വീകരിക്കുന്നു. ആധാര കക്ഷികളുടെ അനന്യതയും സമ്മതവും

രേഖപ്പെടുത്തിയശേഷം ആധാരം രജിസ്റ്റർ ചെയ്യുന്നു. ഈ സമയം രജിസ്റ്ററിംഗ് ഓഫീസർ ആധാരം ഹാജരാക്കിയതുസംബന്ധിച്ചും കക്ഷികളുടെ സമ്മതവും ആളെ തിരിച്ചറിയുന്നതും രജിസ്റ്റർ ചെയ്യുന്നതുമായ വിവരങ്ങൾ പുറത്തെഴുത്തായി രേഖപ്പെടുത്തുകയും ആധാരകക്ഷികളുടെ വിരൽപ്പതിപ്പ് എടുക്കുകയും ചെയ്യുന്നു. രജിസ്ട്രേഷനുശേഷം ആധാരത്തിന്റെ പുറത്തെഴുത്തുകൾ ഫയലിംഗ് ഷീറ്റിൽ പകർത്തിയെഴുതിയശേഷം അസ്സൽ ആധാരം സ്കാൻ ചെയ്തശേഷമാണ് കക്ഷികൾക്ക് തിരികെ നൽകുന്നത്. പ്രായോഗിക തലത്തിൽ ഇതിന് മൂന്ന് മുതൽ അഞ്ച് ദിവസംവരെ വേണ്ടിവരുന്നു.

ടെംപ്ലേറ്റ് സംവിധാനത്തിലൂടെ ആധാരങ്ങൾ തയ്യാറാക്കുകയെന്നാൽ രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് പോർട്ടലിലുള്ള വെബ് ആപ്ലിക്കേഷന്റെ സഹായത്തോടെ ആധാരം തയ്യാറാക്കുക എന്നതാണ്. ഇതിനായി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്ന മാതൃക ഫോം മാർഗ്ഗ നിർദ്ദേശം മാത്രമാണ്. ആധാര കക്ഷികൾക്ക് അതിലെ വ്യവസ്ഥകൾ, കരാറുകൾ എന്നിവയെല്ലാം അവരുടെ ഇച്ഛാനുസരണം മാറ്റം വരുത്താൻ കഴിയുന്നതുമാണ്. ഇപ്രകാരം തയ്യാറാക്കുന്ന ആധാരങ്ങൾ ഇ-സ്റ്റാമ്പ് ഉൾപ്പെടെ പി.ഡി.എഫ്. ആയി

ഡൗൺലോഡ് ചെയ്യാൻ കഴിയുന്നതുമാണ്. അതിനുശേഷം അതിന്റെ ശരിപ്പകർപ്പുൾപ്പെടെ രജിസ്ട്രേഷനായി സബ് രജിസ്ട്രാർ ഓഫീസിൽ ഹാജരാക്കുന്നു. നടപടിക്രമങ്ങളുടെ ഭാഗമായി ആധാര കക്ഷികളുടെ വിരൽപ്പതിപ്പും ഫോട്ടോയും ഡിജിറ്റൽ രൂപത്തിൽ സേവ് ചെയ്തതിനുശേഷം രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ ആധാരത്തിന്റെ പുറത്തെഴുത്തുകൾ എഴുതുന്നതിനുപകരം വിരൽപ്പതിപ്പും ഫോട്ടോയും ഉൾപ്പെടെയുള്ള വിവരങ്ങൾ ആധാരത്തിൽ പ്രിന്റ് ചെയ്യുകയും രജിസ്ട്രേഷനുശേഷം പുറത്തെഴുത്തിന്റെ പ്രിന്റ് ചെയ്ത പകർപ്പ് ആധാരത്തിന്റെ ശരിപ്പകർപ്പിനൊപ്പം ചേർത്തുകൊണ്ട് ഫയൽ ചെയ്യുന്നു. നടപടികൾ പൂർത്തിയാക്കി അസ്സൽ ആധാരം സ്കാൻ ചെയ്തശേഷം തിരികെ നൽകുന്നു. ഈ നടപടിക്രമങ്ങൾ പാലിക്കുകയാണെങ്കിൽ രജിസ്റ്റർ ചെയ്യുന്ന ദിവസംതന്നെ ആധാരം തിരികെ നൽകാൻ കഴിയുന്നതാണ്. എന്നുവച്ചാൽ അഞ്ച് ദിവസംകൊണ്ട് നടക്കുന്ന കാര്യം ആ ദിവസംതന്നെ നൽകാൻ കഴിയുമെന്നുള്ളതാണ് ഇതിലെ പ്രത്യേകത.

ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ സംസ്ഥാനത്തിന്റെ സൂചിക മെച്ചപ്പെടുത്തുന്നതിന് ചെയ്യേണ്ട കാര്യങ്ങളിലൊന്ന് നിക്ഷേപം നടത്തുന്നവർ

ഉൾപ്പെടെയുള്ളവർ ആധാരം രജിസ്റ്റർ ചെയ്യുന്ന ദിവസംതന്നെ തിരികെ നൽകുക എന്നതാണ്. ഇപ്പോഴുള്ള സംവിധാനം ഇതിന് പര്യാപ്തമല്ല. കേരളത്തിൽ ഡിജിറ്റൽ സർവേ നടപടികൾ പുരോഗമിക്കുകയാണ്. ജനങ്ങളുടെ ഭൂരേഖകൾ കൃത്യമാക്കുക, അവകാശ രേഖകൾ ലഭ്യമാക്കുക, ഭൂതർക്കങ്ങൾ പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഭൂരേഖകൾ ഡിജിറ്റലൈസ് ചെയ്യുകയും സർവേ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളിലെ ഡാറ്റാ സമന്വയിപ്പിക്കുകയും ചെയ്യുക എന്നത് ഇതിന്റെ മുൻ ഉപാധിയാണ്. പ്രീ മ്യൂട്ടേഷൻ സ്കെച്ചിൽ തുടങ്ങി രജിസ്ട്രേഷനിലൂടെ ഭൂമി പോക്കുവരവ് ചെയ്യുന്ന പ്രക്രിയയിൽ മധ്യത്തിലുള്ള രജിസ്ട്രേഷൻ നടപടികൾ മാത്രം ഡിജിറ്റൽ ചങ്ങലയിൽനിന്നും മാറിനിന്നാൽ ഈ പദ്ധതിയുടെ ഉദ്ദേശിച്ച ഫലമുണ്ടാകുകയില്ല. കൂടാതെ കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവിന്റെ വിവരങ്ങളുടെ പവിത്രത സൂക്ഷിക്കുന്നതിനും ഇപ്രകാരം ഈ സംവിധാനം അനിവാര്യമാണ്. ഈ സംവിധാനത്തിലൂടെ തയ്യാറാക്കുന്ന ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന ദിവസം തന്നെ തിരികെ നൽകാൻ കഴിയുന്നതും ഡിജിറ്റൽ കോപ്പി ഡിജിലോക്കറിൽ ലഭ്യമാക്കുവാൻ കഴിയുന്നതുമാണ്. ഇതിലൂടെ ബാങ്കിങ് ഇടപാടുപോലെ വസ്തുവിന്റെ ടൈറ്റിൽ പരിശോധന ആവശ്യമായ

സംഗതികളിൽ ഡിജിലോക്കർ മുഖേന പരിശോധന നടത്താൻ കഴിയുന്നതും കൂടാതെ വിവരസാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ സാധാരണ ജനങ്ങൾക്കും ലഭ്യമാക്കുന്നതാണ്. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ആധാരങ്ങൾ തയ്യാറാക്കുന്നതിന് ലൈസൻസുള്ള ആധാരമെഴുത്തുകാർ, അഡ്വക്കേറ്റുമാർ, ആധാരത്തിലെ കക്ഷികൾ എന്നിവർക്ക് അധികാരമുണ്ട്. സർക്കാർ നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന ഫോം രൂപത്തിലുള്ള ആധാരങ്ങളിൽ ആധാരമെഴുത്ത് ലൈസൻസി അഡ്വക്കേറ്റ്, ആധാര കക്ഷികൾ എന്നിവർ ആധാരം തയ്യാറാക്കുന്ന രീതിയിലാണുള്ളത്. ആയതിനാൽ തന്നെ ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ല എന്നറിയിക്കുന്നു.